MONDAY 18-10-2021 തിങ്കളാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA

**Chief Editor : George Sebastian** **Editor : Dr Asha T T**

**Farm Information Bureau, Kowdiar, Thiruvananthapuram -695003**

**Website : fibkerala.gov.in; E-mail: piofibvm@gmail.com, fibnewstvm@gmail.com**

**Telephone : 0471 - 2318186, 2317314**

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS) -18/10/2021

1. കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ 2021-22 ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി കർഷകരുടെ ഉൽപ്പന്നങ്ങൾക്ക് വിപണി ലഭ്യമാക്കുന്നതിനും വിളകൾക്ക് മുന്തിയ വില ഉറപ്പാക്കുന്നതിനും, കാർഷിക ഉൽപ്പന്നങ്ങളുടെ സംഭരണം, ശേഖരണം, സംസ്ക്കരണം, വിപണനം എന്നീ സംവിധാനങ്ങൾ ശാക്തീകരിക്കുന്നതിനുമായി നടപ്പിലാക്കുന്ന **കണ്ടെയ്നർ മോഡ് പ്രോക്യൂർമെന്റ് പ്രോസസിംഗ് സെന്റർ (CMPC) പദ്ധതി** പ്രകാരം ധന സഹായം നൽകുന്നു. പ്രൈമറി അഗ്രി ക്രെഡിറ്റ് സൊസൈറ്റികൾക്ക് പരമാവധി 4 ലക്ഷം രൂപയും അൻപതിനായിരം രൂപ റിവോൾവിങ്ങ് ഫണ്ടും ഉൾപ്പെടെ 50% ആണ് ധനസഹായം ലഭിക്കുന്നത്. ഹോർട്ടികോർപ്പ്, സ്റ്റാർട്ടപ്പുകൾ, കുടുംബശ്രീ യൂണിറ്റുകൾ, സ്വയം സഹായ സംഘങ്ങൾ, ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷനുകൾ, പഞ്ചായത്തുകൾ, മറ്റ് ഗവൺമെന്റ് ഏജൻസികൾ എന്നിവർക്കും ഗുണഭോക്താക്കളാകാം. ഇവർക്ക് പരമാവധി 8 ലക്ഷം രൂപയും ഒരുലക്ഷം രൂപ രൂപ റിവോൾവിങ്ങ് ഫണ്ടും ഉൾപ്പെടെ 100% വരെ ധനസഹായം ലഭിക്കും. കൂടുതൽ വിവരങ്ങൾക്ക് അടുത്തുള്ള കൃഷി ഓഫീസുമായി ബന്ധപ്പെടുക.

2. പനമരം ബ്ലോക്ക് പഞ്ചായത്ത് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന സഞ്ചരിക്കുന്ന മൃഗാശുപത്രി പ്രോജക്ടിലേക്ക് **വെറ്ററിനറി ഡോക്ടർ, അറ്റൻഡർ കം ഡ്രൈവർ** തസ്തികകളിലേക്ക് വാക്ക് ഇൻ ഇൻറർവ്യൂ നടത്തുന്നു. കൂടിക്കാഴ്ച്ച ഈ മാസം 21-ന് (ഒക്ടോബർ 21) ഉച്ചതിരിഞ്ഞു 03 മണിക്ക് പനമരം ബ്ലോക്ക് പഞ്ചായത്ത് ഓഫീസിൽ വെച്ച് കോവിഡ് പ്രോട്ടോക്കോൾ പാലിച്ചു നടത്തുന്നതായിരിക്കും. വെറ്ററിനറി ഡോക്ടർക്ക് മൃഗചികിത്സാ രംഗത്ത് ചുരുങ്ങിയത് 10 വർഷത്തെ പ്രവൃത്തി പരിചയവും, കൃത്രിമ ബീജസങ്കലന സാമഗ്രികൾ, ലബോറട്ടറി പരിശോധന സാമഗ്രികൾ

എന്നിവ കൈവശവും ഉണ്ടായിരിക്കണം. അറ്റൻഡർ കം ഡ്രൈവർ തസ്തികക്ക് മൃഗസംരക്ഷണ മേഖലയിൽ പ്രവർത്തി പരിചയം ഉള്ളവർക്ക് മുൻഗണന ഉണ്ടായിരിക്കും. കൂടുതൽ വിവരങ്ങൾക്ക് ബ്ലോക്ക് പഞ്ചായത്ത് ഓഫീസുമായോ **04935–222020** എന്ന ഫോൺ നമ്പറിലോ ബന്ധപ്പെടുക.

3. വെറ്ററിനറി സർവകലാശാലയുടെ തുമ്പൂർമൂഴി ഫുഡ് ടെക്നോളജി കോളേജ് മണ്ണുത്തി വികെഐഡിഎഫ്റ്റി കോളേജിൽ ലയിപ്പിച്ചുകൊണ്ടുള്ള ഉത്തരവിൽ വികെഐഡിഎഫ്റ്റി കോളേജിനു കീഴിൽ ബി.ടെക്( D.Sc & Tech) കോഴ്സും നടത്തുന്നതാണ്. എന്നാൽ ഇതിനു വിരുദ്ധമായി ബി.ടെക് (ഫുഡ് ടെക്നോളജി) കോഴ്സ് സർവകലാശാല നിർത്തലാക്കിയെന്ന തരത്തിൽ തെറ്റായ വാർത്തകൾ മാധ്യമങ്ങളിലൂടെ പ്രചരിക്കപ്പെടുന്നുണ്ട്. വിദ്യാർത്ഥികളും രക്ഷിതാക്കളും ഇത്തരം പ്രചരണങ്ങളിൽ വിശ്വസിക്കരുതെന്ന് സർവകലാശാല രജിസ്ട്രാർ അറിയിക്കുന്നു. സാധാരണ രീതിയിലെന്നപോലെ ബി.ടെക് (ഫുഡ് ടെക്നോളജി) കോഴ്സിലേക്ക് സംസ്ഥാന എൻട്രൻസ് പരീക്ഷാ കൺട്രോളറിൽ നിന്ന് ലഭിക്കുന്ന ലിസ്റ്റ് പ്രകാരം പ്രവേശനം ഉണ്ടായിരിക്കുന്നതാണെന്നും അറിയിക്കുന്നു.

4. കേരള കാർഷിക സർവകലാശാലയുടെ കീഴിലുള്ള മണ്ണുത്തി കമ്മ്യൂണിക്കേഷൻ സെന്ററിൽ പ്രവർത്തിച്ചുവരുന്ന ഭക്ഷ്യ സംസ്കരണശാലയിൽ പഴങ്ങളും പച്ചക്കറികളും സംസ്കരിച്ച് ഉപഭോക്താവിന്റെ ആവശ്യാനുസരണം വിവിധ മൂല്യവർധിത ഉൽപ്പന്നങ്ങളാക്കി നൽകുന്നു. പാവൽ, വെണ്ട, പയർ തുടങ്ങിയ പച്ചക്കറികൾ കൊണ്ടുള്ള കൊണ്ടാട്ടങ്ങൾ, പൊടികൾ, വിവിധതരം അച്ചാറുകൾ, ജാം, പഴം ഹൽവ, ചില്ലി സോസ്, തക്കാളി സോസ് തുടങ്ങിയ വിവിധങ്ങളായ മൂല്യവർദ്ധിത ഉത്പന്നങ്ങൾ ഇവിടെ തയ്യാറാക്കാൻ സാധിക്കും. കൂടാതെ വാട്ടുകപ്പ പോലുള്ള പഴം പച്ചക്കറികൾ ഉണക്കി സൂക്ഷിക്കേണ്ട പ്രാഥമിക സംസ്കരണവും ചെയ്തു കൊടുക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് **0487–2370773, 8089173650** എന്നീ ഫോൺ നമ്പരുകളിലോ ccmannuthy@kau.in എന്ന ഇ-മെയിൽ മുഖേനയോ ബന്ധപ്പെടാവുന്നതാണ്.

## പരിശീലന പരിപാടികൾ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

5. തൃശ്ശൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ "**തെങ്ങു ചങ്ങാതിക്കൂട്ടം**" എന്ന വിഷയത്തിൽ പട്ടികജാതി പട്ടികവർഗ്ഗ കർഷകർക്കായുള്ള പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. ആദ്യത്തെ ബാച്ചിൽ 20 പേർക്കാണ് പ്രവേശനം. താൽപര്യമുള്ളവർ കൃഷി വിജ്ഞാന കേന്ദ്രവുമായി 9400483754 എന്ന ഫോൺ നമ്പരിൽ പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 10 മണി മുതൽ 5 മണി വരെ ബന്ധപ്പെടുക.

6. ഭിന്നശേഷിക്കാർക്കുള്ള 6 മാസത്തെ **ഹോർട്ടികൾച്ചർതെറാപ്പി** പരിശീലനപരിപാടിക്ക് അപേക്ഷകൾ ക്ഷണിച്ചുകൊള്ളുന്നു. പന്ത്രണ്ടാംക്ലാസ്സ് പൂർത്തീകരിച്ച 18 വയസ്സിനു മുകളിലുള്ളവരിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നു. ഭിന്നശേഷി തെളിയിക്കുന്ന മെഡിക്കൽ ബോർഡിൻെറ സർട്ടിഫിക്കറ്റ് ഉൾപ്പടെ അപേക്ഷിക്കേണ്ടതാണ്. ഡിപ്പാർട്ടുമെൻറ് ഓഫ് കമ്മ്യൂണിറ്റി സയൻസ് കാർഷികകോളേജ്, വെള്ളായണി – 695522 എന്ന വിലാസത്തിൽ അപേക്ഷയും ബയോഡാറ്റയും ഈ മാസം 25-ന് (25/10/2021ന്) 9.30 മണിക്കു മുമ്പായി സമർപ്പിക്കേണ്ടതാണ്. അപേക്ഷാ ഫോമിനായി http://coavellayani.kau.in/ml/event/16396 എന്ന കോളേജ് വെബ്സൈറ്റ് സന്ദർശിക്കുക.

7. കോട്ടയം ക്ഷീരപരിശീലന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ത്ഷീരകർഷകർക്കായി തീറ്റപ്പുൽകൃഷി എന്ന വിഷയത്തിൽ രണ്ടു ദിവസത്തെ ക്ലാസ്സും പരിശീലന പരിപാടി ഈ മാസം 22,23 തീയതികളിൽ രാവിലെ 10 മണി മുതൽ ഈരയിൽക്കടവിൽ പ്രവർത്തിക്കുന്ന ക്ഷീര പരിശീലന കേന്ദ്രത്തിൽ വച്ച് നടത്തുന്നു. രജിസ്ട്രേഷൻ ഫീസ് 20 രൂപ. താൽപര്യമുള്ളവർ ഈ മാസം 21-ന് മുമ്പായി **9495445536** എന്ന നമ്പരിൽ വിളിച്ച് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. പങ്കെടുക്കുന്നവർ ആധാർകാർഡ്, കോവിഡ് വാക്സിനേഷൻ സർട്ടിഫിക്കറ്റ്, ബാങ്ക് പാസ്ബുക്കിന്റെ പകർപ്പ് എന്നിവ ഹാജരാക്കേണ്ടതാണ്. പരിശീലനത്തിൽ പങ്കെടുക്കുന്നവർ രണ്ട് ഡോസ് കോവിഡ് വാക്സിൻ നിർബന്ധമായും സ്വീകരിച്ചവരും ആയതിന്റെ സർട്ടിഫിക്കറ്റ് ഉള്ളവരും ആയിരിക്കണം.